7. 7.2.1979-ൽ ഓയിൽ കമ്പനികളുടേയും ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാരുടേയും പ്രതിനിധികളുമായി ചർച്ച നടത്തി. പ്രസ്തുത ചർച്ചയിൽ സമരം ഉടനെ പിൻവലിക്കണമെന്ന് ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാരോട് അഭ്യർത്ഥിച്ചു. അതോടൊപ്പം തർക്ക വിഷയങ്ങൾ ഓയിൽ കമ്പനികളുടെ ഉന്നതോദ്യോഗസ്ഥൻമാരും കോൺട്രാക്റ്റർമാരുടെ പ്രതിനിധികളുമായി ഒരു മാസത്തിനകം ചർച്ച ചെയ്യുന്നതിന് ഒരവസരം ഉണ്ടാക്കിക്കൊടുക്കാമെന്ന് ഗവൺമെൻറ് ഏറ്റതു കൊണ്ടും അതുവരെ ഗവൺമെൻറ് സ്വീകരിച്ച നടപടികളുടെ ഫലമായും ട്രാൻസ്പോർട്ട് കോൺട്രാക്റ്റർമാർ പണിമുടക്കു സമരം ഉടൻ തന്നെ പിൻവലിച്ചു.

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു നീക്കി വെച്ചിരിക്കുന്ന തുക

*298 [315] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഈ സാമ്പത്തിക വർഷം എന്തു തുക നീക്കിവെച്ചിട്ടുണ്ട്;

(ബി) ഇതനുസരിച്ച് എത്ര പേർക്ക് പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ, ബി & സി) : തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു മാത്രമായി പ്രത്യേകം തുക നീക്കിവെച്ചിട്ടില്ല. പക്ഷേ കൃഷി, വ്യവസായം, വിദ്യുച്ഛക്തി, വിദ്യാഭ്യാസം, ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ എല്ലാ മേഖലകളിലും ഉൾപ്പെടുത്തിയ പരിപാടികൾ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇക്കൊല്ലത്തെ പദ്ധതി മുതൽ മുടക്കു പ്രകാരം സുമാർ ഉണ്ടാവുന്ന തൊഴിലവസരങ്ങളുടെ കണക്കു താഴെ കൊടുക്കുന്നു.

1. മുഴുവൻ സമയ സാങ്കേതിക തൊഴിലുകൾ	:7600
2. മുഴുവൻ സമയ സാങ്കേതികേതര തൊഴിലുകൾ	:5300
3. അവിദഗ്ദ്ധ തൊഴിലുകൾ (ലക്ഷം മനുഷ്യ ദിവസങ്ങൾ എന്ന അടിസ്ഥാനത്തിൽ)	:421

റെയിൽവേ ഡിവിഷനുകളുടെ പ്രവർത്തനപരിധി

*299 (316) ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സ്ഥാപിക്കാൻ പോകുന്ന തിരുവനന്തപുരം റെയിൽവേ ഡിവിഷനേറെയും നിലവിലുള്ള ഒലവക്കോട് റെയിൽവേ ഡിവിഷനേറെയും പ്രവർത്തന പരിധി നിർണ്ണയം സംബന്ധിച്ച് റെയിൽവേ അധികൃതരിൽനിന്നും അവസാനമായി ലഭിച്ച നിർദ്ദേശം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly